# രത്ന കിരീടം



എൻമാനസമലരിതളതിൽ മുത്തും
മുഗ്ധോജ്ജ്വലമാമൊരു കല്പന തൻ
ചുണ്ടിണയികലിതാരേ തേച്ചൂ
കുങ്കുമരാഗം? സന്ധ്യകൾ തൻ കവി-
ളികലുരുമ്മിയ മുകിലുകളാണോ
മഴവില്ലാണോ? താരകളാണോ?

പുല്ലകുഴൽവിളി പുളകം ചാർത്തിയ
യമുനാസൈകത ഭൂമിയിൽ നിൽക്കേ
തെളിനീരൊഴുകും നദിയുടെ മാറിൽ
തെളിയും നിഴലിൽ ഗന്ധർവൻമാ-
രൊഴുകി നടക്കും പുലർകാലത്തിൻ
കുളിരുകൾ ചൂടിയ കരളും പേറി
താമരയിതളിൽ, കൂർത്തൊരു നഖമുന-
യാലൊരു കാവ്യം ഞാനെഴുതുമ്പോൾ
ഇതുവഴി, നീണ്ടയുഗങ്ങൾ പിന്നി-
ട്ടിതുവഴി വന്ന കിനാവുകളേ, മധു-
മാസ മനോഹര രാവുകളേ, മധു-
രോജ്ജ്വല നീലനിലാവുകളേ,
ആരുടെ കൈയുകളാണെൻ തലയിൽ
ചൂടിയതീ നവരത്നകിരീടം?■